നമ്പർ.400980/BADC01/General/2023/7956/(1)

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ആഫീസ്

തിരുവമ്പാടി
തിരുവമ്പാടി.പി.ഓ
കോഴിക്കോട്
Phone No:04952252059
E-mail:thiruvambadygp@gmail.com

തീയതി : 14/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്- കോഴിക്കോട്

സർ,

വിഷയം:- തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്- കെട്ടിട നമ്പർ ലഭിച്ചില്ലെന്ന പരാതിയിൽ വിശദീകരണം സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- അങ്ങയുടെ 12/12/2023 തിയ്യതിയിലെ IVO1/01/23 നമ്പർ കത്ത്.

അങ്ങയുടെ സൂചന 1 പരാതിയും അനുബന്ധവും പരിശോധിച്ചു. ഭാഗികമായി പൂർത്തീകരിച്ച വീടും സ്ഥലവും ടിയാൻ വില കൊടുത്തു വാങ്ങിയെന്നും, കെട്ടിട നമ്പറിനായി പഞ്ചായത്തിനെ സമീപിച്ചെന്നും, നഞ്ച ആയതിനാൽ നമ്പർ ലഭിച്ചില്ലെന്നും, ആയതിനാൽ കെട്ടിട നമ്പർ അനുവദിക്കണമെന്നുമാണ് പരാതിയിലെ ഉള്ളടക്കം. പരാതി പരിശോധിച്ചതിൽ നിന്നും 03/05/2019 തിയ്യതിയിൽ ശ്രീമതി റീന എന്നവരിൽ നിന്നും പരാതിക്കാരൻ റീസർവ്വെ നമ്പർ 35/13 പെട്ട ( മുന്നാധാരത്തിൽ 35/2) 4.047 ആർസ് സ്ഥലം വാങ്ങിയതായി കാണുന്നു. എന്നാൽ ടി ആധാരത്തിലെവിടെയും കെട്ടിട നിർമ്മാണാനുമതിയുള്ള വീടാണ് ടിയാൻ വാങ്ങിയതെന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ നിന്നും 10/02/2014 തിയ്യതിയിൽ ബി എൽ- 353/13-14 നമ്പർ കെട്ടിട നിർമ്മാണാനുമതി പരിശോധിച്ചതിൽ നിന്നും റീ സർവ്വെ നമ്പർ 35/2 (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നഞ്ച) സ്ഥലത്ത് 101.14 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് ശ്രീമതി റീന എന്നവർക്ക് അനുമതി നൽകിയതായി കാണുന്നു. പരാതിക്കാരനായ ശ്രീ മരക്കാർ എന്നവർ 13/12/2023 തിയ്യതിയിൽ ഓഫീസിൽ നേരിട്ട് സന്ദർശിച്ചിരുന്നു. ആയതിൽ നിന്നും ടിയാൻ നമ്പറിങ്ങിന് അപേക്ഷിച്ചതായി അറിയാൻ സാധിച്ചിട്ടില്ല. സാധുവായ കെട്ടിട നിർമ്മാണ അനുമതിയുടെയോ, ക്രമവത്കരണ ഉത്തരവിൻെറയോ ബലത്തിലല്ലാതെയും, കെ പി ബി ആർ-2019 ചട്ടം ലംഘിച്ചോ, പെർമിറ്റിൽ നിന്നും വ്യതിചലിച്ചോ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ

സംഗതിയിൽ കെട്ടിട നമ്പറിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് പരാതിക്കാരനെ നേരിൽ അറിയിച്ചിട്ടുള്ളതാണ്. 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമം, കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം-2019 എന്നിവയിലെ നിബന്ധനകൾക്ക് അനുസൃതമായി ലഭിക്കുന്ന അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

BIBIN JOSEPH
SECRETARY
Thiruvambady Grama Panchayath
Thiruvambady P.O., Kozhikode - 673 603
Ph: 9496 048 207

OFFICE OF THE THIRUVAMBADY GRAMAPANCHAYAT
P.O. Thiruvambady

പകർപ്പ്: 1. മരക്കാർ
കാളിയേടത്ത്, തിരുവമ്പാടി പി ഒ, കോഴിക്കോട്- 673603, ഫോൺ- 6238607409
(അറിവിനും, നിർമ്മിതി KPBR-2019 ന് വിധേയമാക്കുന്നതിനും)

2. അസി. എഞ്ചിനിയർ
LSGD- SECTION- Thiruvambadi (അറിവിന്)